**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4379** **18-07-2022 - ൽ മറുപടിയ്ക്ക്**

**ജൂനിയർ ക്ലാർക്ക് പരീക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് നടത്തിയ ജൂനിയർ ക്ലാർക്ക് പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നതായ പരാതിയിൽ അന്വേഷണം നടത്തിയോ; വ്യക്തമാക്കാമോ; | (എ) | സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് 27.03.2022 ന് നടത്തിയ ജൂനിയർ ക്ലാർക്ക് /കാഷ്യർ തസ്തികയുടെ പരീക്ഷാ ചോദ്യപേപ്പർ ചോർന്നതായ പരാതി സംബന്ധിച്ച് ആദ്യം സൈബർ വിഭാഗവും തുടർന്ന് പോലീസ് ക്രൈംബ്രാഞ്ച് മലപ്പുറം യൂണിറ്റും അന്വേഷണം നടത്തി. ഒ.എം.ആർ പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നതായി പ്രാഥമികമായി ബോധ്യപ്പെട്ടിട്ടുണ്ടെന്ന് ക്രൈംബ്രാഞ്ച് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ, 27.03.2022 ന് നടത്തിയ ജൂനിയർ ക്ലാർക്ക് /കാഷ്യർ തസ്തികയുടെ പരീക്ഷ റദ്ദ് ചെയ്യാൻ തീരുമാനിക്കുകയും പരീക്ഷ 23.07.2022-ന് വീണ്ടും നടത്തുവാൻ തീരുമാനിക്കുകകയും ചെയ്തിട്ടുണ്ട്. |
| (ബി) | പണം വാങ്ങി ചോദ്യക്കടലാസ് ചോർത്തി നൽകി എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദംശം നൽകുമോ ; | (ബി) | സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് 27.03.2022 ന് നടത്തിയ ജൂനിയർ ക്ലാർക്ക് /കാഷ്യർ തസ്തികയുടെ പരീക്ഷാ ചോദ്യപേപ്പർ ചോർന്നതായ പരാതി സംബന്ധിച്ച് ആദ്യം സൈബർ വിഭാഗവും തുടർന്ന് പോലീസ് ക്രൈംബ്രാഞ്ച് മലപ്പുറം യൂണിറ്റും അന്വേഷണം നടത്തി. ഒ.എം.ആർ പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നതായി പ്രാഥമികമായി ബോധ്യപ്പെട്ടിട്ടുണ്ടെന്ന് ക്രൈംബ്രാഞ്ച് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ, 27.03.2022 ന് നടത്തിയ ജൂനിയർ ക്ലാർക്ക് /കാഷ്യർ തസ്തികയുടെ പരീക്ഷ റദ്ദ് ചെയ്യാൻ തീരുമാനിക്കുകയും പരീക്ഷ 23.07.2022-ന് വീണ്ടും നടത്തുവാൻ തീരുമാനിക്കുകകയും ചെയ്തിട്ടുണ്ട്. |
| (സി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ പരീക്ഷാ ബോർഡ് നിയോഗിക്കുന്ന സ്ക്വാഡ് സംവിധാനം വിപുലീകരിക്കുവാനും നിരീക്ഷകരുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ വേണ്ട ഉത്തരവാദിത്വങ്ങൾ നല്കുവാനും പരീക്ഷാ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പരീക്ഷാ സംവിധാനം ഓൺലൈൻ മുഖേന നടത്തുന്നതിനുള്ള നടപടികൾ പരീക്ഷാ ബോർഡ് സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ